ഹയർ സെക്കന്ററി
വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്
ശാന്തിനഗർ
തിരുവനന്തപുരം – 1

**No.Ex.II/3/20296/HSE/2014** തീയതി **: 21/02/2015**

# സർക്കുലർ

വിഷയം :– ഹയർ സെക്കന്ററി പരീക്ഷ മാർച്ച് 2015 – ചീഫ് സൂപ്രണ്ട്/ അഡീഷണൽ ഡെപ്യൂട്ടി ചീഫ് സൂപ്രണ്ട്, പ്രാക്റ്റിക്കൽ ചെയർമാൻ/ചീഫ്, ക്യാമ്പ് ഉദ്യോഗസ്ഥർ നിയമനം – ഡി.എച്ച്.എസ്.ഇ പോർട്ടൽ വഴി വിശദാംശങ്ങൾ അപ്‌ലോഡ് ചെയ്യാതിരുന്നത് – സംബന്ധിച്ച്.

സൂചന :– സർക്കുലർ നമ്പർ. Ex.II/3/20296/HSE/2014 തീയതി 27/01/2015, 29/01/2015 & 12/02/2015.

ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള സ്കൂളുകളിൽ നിന്നും അദ്ധ്യാപകരുടെ വിശദാംശങ്ങൾ അപ്‌ലോഡ് ചെയ്തിട്ടുള്ളതായി കാണുന്നില്ല. അപ്‌ലോഡ് ചെയ്യുന്നതിനുള്ള പോർട്ടൽ ലിങ്ക് 27/01/2015 മുതൽ 30/01/2015 വരെയും 12/02/2015 മുതൽ 14/02/2015 വരെയും ലഭ്യമാക്കുകയും സൂചന സർക്കുലർ പ്രകാരം അറിയിപ്പുകൾ നൽകുകയും ചെയ്തിട്ടുണ്ട്. ഡേറ്റാ അപ്‌ലോഡ് ചെയ്യാതിരുന്നത് പ്രിൻസിപ്പൽമാരുടെ ഭാഗത്തുനിന്നുമുണ്ടായ ഗുരുതരമായ കൃത്യവിലോപമാണ്. ഇതുമൂലം പരീക്ഷാനടത്തിപ്പിലെ നിയമനങ്ങളിൽ ഉണ്ടാകുന്ന പോരായ്മകൾക്ക് പ്രിൻസിപ്പൽമാർ ഉത്തരവാദികളായിരിക്കുന്നതാണ്. പ്രിൻസിപ്പൽമാർ ഡേറ്റാ അപ്‌ലോഡ് ചെയ്യാതിരുന്നതിനുള്ള കാരണം വല്ലതും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ബന്ധപ്പെട്ട മേഖലാ ഓഫീസർക്ക് ഡേറ്റായുടെ പകർപ്പ് സഹിതം സമർപ്പിക്കേണ്ടതാണ്. ബന്ധപ്പെട്ട ആർ.ഡി.ഡി മാർ ഇങ്ങനെ ലഭിക്കുന്ന ഡേറ്റാ ക്രോഡീകരിച്ച് ജില്ലാ കോ–ഓർഡിനേറ്റർമാരുടെ സഹായത്തോടെ വിവിധ പരീക്ഷാ ഡ്യൂട്ടി നിയമനങ്ങളിൽ ഒഴിവുള്ളവയിലേയ്ക്ക് നിയമനം ക്രമീകരിക്കേണ്ടതും പ്രിൻസിപ്പൽമാരുടെ വിശദീകരണം തുടർ നടപടികൾക്കായി ഡയറക്ടറേറ്റിലേയ്ക്ക് അയച്ചുതരേണ്ടതുമാണ്

ഗവൺമെന്റ്/എയ്ഡഡ് സ്കൂളുകളിൽ പ്രിൻസിപ്പൽ അല്ലെങ്കിൽ പ്രിൻസിപ്പൽ ചുമതല വഹിക്കുന്നവർ തന്നെയായിരിക്കും ചീഫ് സൂപ്രണ്ടുമാർ. പ്രിൻസിപ്പൽമാർ ദീർഘകാല അവധിയിലായിരിക്കുകയോ, മകനോ/മകളോ (കേരള/സ്റ്റേറ്റ് സിലബസ്) പരീക്ഷാർത്ഥിയാണെങ്കിലോ മാത്രമേ സബ്സ്റ്റിറ്റ്യൂട്ട് നിയമനം പാടുള്ളൂ.

ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള സ്കൂളുകളിൽ ചീഫ് ആയി പ്രവർത്തിക്കുന്ന അദ്ധ്യാപകരുടെ വിശദാംശങ്ങൾ (ആർ.ഡി.ഡി ഓഫീസിൽ ലഭിച്ചിട്ടുള്ള) ജില്ലാ കോ–ഒർഡിനേറ്റർമാർ ക്രോഡീകരിച്ച് ചോദ്യപേപ്പർ വിതരണടീമിന് കൈമാറേണ്ടതാണ്.

ഒപ്പ്/–
ഡയറക്ടർ

To

1. എല്ലാ ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പൽമാരുടെയും അറിവിലേയ്ക്ക്
2. എല്ലാ മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാരുടെയും അറിവിലേയ്ക്കും തുടർ നടപടികൾക്കുമായി.

s